# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജനുവരി 27<br>January 27 | 2020 |

**1193 മകരം 13** തിങ്കൾ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ആർദ്രം ജനകീയ ക്യാമ്പയിൻ: ജില്ലാതല ഉദ്ഘാടനം ഇന്ന് (28) മന്ത്രി കെ.രാജു നിർവഹിക്കും**

ആർദ്രം ജനകീയ ക്യാമ്പയിൻ ജില്ലാതല ഉദ്ഘാടനം ഇന്ന് (28) രാവിലെ 10ന് വനം വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും. പത്തനംതിട്ട മുൻസിപ്പൽ ഓപ്പൺസ്റ്റേജിൽ വീണാ ജോർജ് എം.എൽ.എ യോഗത്തിൽ അധ്യക്ഷത വഹിക്കും. പരിപാടിയുടെ ഭാഗമായി രാവിലെ 8.30ന് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ നിന്നും മുൻസിപ്പൽ ബസ് സ്റ്റാന്റിലേക്ക് കൂട്ടനടത്തം നടക്കും. കൂട്ടനടത്തം ജില്ലാ പോലീസ് മേധാവി ജി.ജയദേവ് ഫ്ളാഗ് ഓഫ് ചെയ്യും. കൂട്ടനടത്തത്തിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധസംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, ബഹുജനങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. ഇതോടൊപ്പം സൈക്ലിംഗ്, റോളർ സ്കേറ്റിംഗ്, ഫ്ളാഷ്മോബ്, തെരുവുനാടകം തുടങ്ങിയ പരിപാടികളും ഉ ാകും.

പൊതുസമ്മേളനത്തിൽ ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും. യോഗത്തിൽ എം.എൽ.എമാരായ അഡ്വ മാത്യു ടി.തോമസ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, അഡ്വ.കെ.യു ജനീഷ്കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി നൂഹ്, പത്തനംതിട്ട നഗരസഭ ചെയർപേഴ്സൺ റോസ്ലിൻ സന്തോഷ്, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

'എന്റെ ആരോഗ്യം എന്റെ ഉത്തരവാദിത്വം' എന്ന സന്ദേശം മുന്നോട്ടുവെച്ചുകൊ ് എല്ലാ വിഭാഗം ജനങ്ങളിലും നല്ല ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തിന് അനുഗുണമായ മനോഭാവവും വളർത്തിയെടുക്കാനാണ് ക്യാമ്പയിലൂടെ ശ്രമിക്കുന്നത്. ആരോഗ്യകരമായ ഭക്ഷണ ശീലം, വ്യായാമം ദിനചര്യയുടെ ഭാഗമാക്കൽ, മാനസികാരോഗ്യവും ലഹരി വർജനവും, ശുചിത്വവും മാലിന്യ സംസ്ക്കരണവും, രോഗപ്രതിരോധ ആരോഗ്യവർദ്ധക പ്രവർത്തനങ്ങളും ആരോഗ്യ സേവനങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പു വരുത്തലും അടങ്ങിയ അഞ്ചു ഘടകങ്ങൾ മുൻനിർത്തിയാണു ബഹുജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളും പ്രചാരണ പരിപാടികളും നടത്തുന്നതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ.എ.എൽ ഷീജ പറഞ്ഞു.

(പിഎൻപി 468/2020)

## ആർദ്രം ജനകീയ ക്യാമ്പയിൻ; ഫ്ളാഷ്മോബ് നടത്തി

ഇന്ന് (28) നടക്കുന്ന ആർദ്രം ജനകീയ ക്യാമ്പയിൻ ജില്ലാതല ഉദ്ഘാടനത്തിന്റെ പ്രചരണാർത്ഥം പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ ഫ്ളാഷ്മോബ് നടത്തി. ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യകേരളം എന്നിവയുടെ നേതൃത്വത്തിൽ ചുട്ടിപ്പാറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്സിംഗ് എഡ്യുക്കേഷനിലെ വിദ്യാർത്ഥിനികളാണു ഫ്ളാഷ്മോബ് നടത്തിയത്.

പത്തനംതിട്ട ബസ് സ്റ്റാൻഡിൽ രാവിലെ 9ന് ആദ്യ ഫ്ളാഷ്മോബ് നടത്തിയാണ് ജില്ലയിലെ പര്യടനത്തിന് തുടക്കംകുറിച്ചത്. ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം ദിനചര്യയുടെ ഭാഗമാക്കൽ, മാനസികാരോഗ്യവും ലഹരിവർജനവും, ശുചിത്വവും മാലിന്യ സംസ്കരണവും, രോഗപ്രതിരോധ- ആരോഗ്യവർദ്ധക പ്രവർത്തനങ്ങളും ഫലപ്രദമായ ഉപയോഗവും എന്നീ അഞ്ചുസന്ദേശങ്ങൾ ഫ്ളാഷ് മോബിലൂടെ ജനങ്ങളിലേക്കെത്തിക്കാനാണു പരിപാടിയിലൂടെ ലക്ഷ്യമിട്ടത്.

ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബി സുഷൻ, ആർദ്രം അസി.നോഡൽ ഓഫീസർ ഡോ.സി.ജി ശ്രീരാജ്, മാസ്മീഡിയ ഓഫീസർമാരായ അശോക് കുമാർ ടി.കെ, സുനിൽകുമാർ.എ എന്നിവർ ഫ്ളാഷ്മോബിന്റെ ജില്ലയിലെ പര്യടനത്തിന് നേതൃത്വം നൽകി.കോഴഞ്ചേരി ബസ് സ്റ്റാൻഡ്, പന്തളം സ്വകാര്യ ബസ് സ്റ്റാൻഡ്, അടൂർ ഗവ.ആശുപത്രി ജംഗ്ഷൻ എന്നിവിടങ്ങളിലാണ് ഫ്ളാഷ് മോബ് അവതരിപ്പിച്ചത്.

***ഫോട്ടോയു ് ഫ്ളാഷ്മോബ്:-*** ആർദ്രം ജനകീയ ക്യാമ്പയിൻ ജില്ലാതല ഉദ്ഘാടനത്തിന്റെ പ്രചരണാർത്ഥം പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ നടന്ന ഫ്ളാഷ്മോബ്.

***ഫ്ളാഷ്മോബ് 1:-*** ആർദ്രം ജനകീയ ക്യാമ്പയിൻ ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ ഫ്ളാഷ്മോബ് ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബി സുഷൻ നിർവഹിക്കുന്നു.

(പിഎൻപി 469/2020)

## 'ബെൽ ഓഫ് ഫെയ്ത്ത് 'പദ്ധതി ജില്ലാതല ഉദ്ഘാടനം ഇന്ന് (28)

ജില്ലാ ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ 'മുതിർന്ന പൗരന്മാരുടെ സുരക്ഷ വിരൽത്തുമ്പിൽ ' എന്ന ആശയത്തിൽ നടപ്പാക്കുന്ന 'ബെൽ ഓഫ് ഫെയ്ത്ത് ' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന്(28) രാവിലെ 11ന് മൈലപ്ര സാംസ് ഓഡിറ്റോറിയത്തിൽ ജില്ലാ

പോലീസ് മേധാവി ജി.ജയദേവ് നിർവഹിക്കും. ജനമൈത്രി ജില്ലാ നോഡൽ ഓഫീസറായ ഡി.വൈ.എസ്.പി ആർ.സുധാകരൻപിള്ള അധ്യക്ഷത വഹിക്കും.

(പിഎൻപി 470/2020)

## പാരമ്പര്യേതര ഊർജോദ്പാദനവും ഊർജ സംരക്ഷണവും; ദ്വിദിന സാങ്കേതിക ക്ലിനിക്ക് ഇന്ന്(28)ആരംഭിക്കും

ജില്ലാ വ്യാവസായിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പാരമ്പര്യേതര ഊർജോദ്പാദനവും ഊർജ സംരക്ഷണവും എന്ന വിഷയത്തിൽ ദ്വിദിന സാങ്കേതിക ക്ലിനിക്ക് സംഘടിപ്പിക്കും. ഇന്നും (28), നാളെയും (29) തിരുവല്ല ഹോട്ടൽ തിലകിൽ നടക്കുന്ന ചടങ്ങ് മാത്യു ടി തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യും. തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നഗരസഭ വാർഡ് കൗൺസിലർ റീനാ മാത്യു ചാലക്കുഴി, മദ്ധ്യതിരുവിതാംകൂർ ലേബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് പ്രസിഡന്റ് ഫാ.ഡോ.എബ്രഹാം മുളമൂട്ടിൽ, കെ എസ് എസ് ഐ ഐ പത്തനംതിട്ട പ്രസിഡന്റ് മോർളി ജോസഫ്, ജില്ലാ വ്യവസായ കേന്ദ്രം പത്തനംതിട്ട ജനറൽ മാനേജർ ഡി.രാജേന്ദ്രൻ, മാനേജർ ലിസിയമ്മ സാമുവേൽ തുടങ്ങിയവർ പങ്കെടുക്കും.

ഇന്ന് (28)പാരമ്പര്യേതര ഊർജോദ്പാദനത്തിന്റെ ശ്രോതസ്, വ്യവസായ മേഖലയിൽ സൗരോർജ പ്ലാന്റ് സ്ഥാപിക്കേ തിന്റെ ആവശ്യകത, സൗരോർജം ഉദ്പാദനവും സംരക്ഷണവും, വീടുകളുടേയും വ്യവസായ സ്ഥാപനങ്ങളുടേയും മേൽക്കൂരകളിൽ മേൽ

സൗരോർജ പ്ലാന്റ് സ്ഥാപിക്കലും - വൈദ്യുതി ബോർഡിന്റെ പ്രത്യേക പദ്ധതി, ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ്, അജൈവ മാലിന്യങ്ങളുടെ പുന:രുൽപാദനം എന്നീ വിഷയങ്ങളുടെ അവതരണം നടക്കും.

നാളെ(29) ഇൻഡസ്ട്രി 4.0 പുതിയ കാഴ്ചപ്പാടുകൾ, ബയോ ഡീഗ്രേഡബിൾ പായ്ക്കിംഗ് സംവിധാനം, വ്യവസായ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണവും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണവും, ഡിജിറ്റൽ മാർക്കറ്റിംഗ്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായ പദ്ധതികൾ എന്നീ വിഷയങ്ങളുടെ അവതരണം നടക്കും.

(പിഎൻപി 471/2020)

## ജന്തു ക്ഷേമ ദ്വൈവാരാചരണവും ബോധവൽക്കരണ സെമിനാറും ഉദ്ഘാടനം ഇന്ന് (28)

പത്തനംതിട്ട ജില്ല വെറ്ററിനറി കേന്ദ്രത്തിന്റെയും കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ജന്തു ക്ഷേമ ദ്വൈവാരാചരണവും ബോധവൽക്കരണ സെമിനാറും അഡ്വ.കെ.യു ജനീഷ് കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ പദ്ധതി വിശദീകരണം നടത്തും. ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ.ജി.അംബികാദേവി മുഖ്യ പ്രഭാഷണം നടത്തും. കോന്നി പഞ്ചായത്ത് പ്രസിഡന്റ് എം.രജനി, വൈസ് പ്രസിഡന്റ് പ്രവീൺ പ്ലാവിളയിൽ, ജില്ലാ പഞ്ചായത്ത് അംഗം ബിനിലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ലീലാ രാജൻ, ഗ്രാമ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ദീനാമ്മ റോയ്, പഞ്ചായത്ത് അംഗം സൗദാമിനി, ഡി.വി.സി ചീഫ് വെറ്ററിനറി ഓഫീസർ ഡോ.തോമസ് എബ്രഹാം, സീനിയർ വെറ്ററിനറി സർജൻ ഡോ.സി.എ.അനീസ്, ഗവ: എച്ച് എസ് എസ്

പ്രിൻസിപ്പൽ ഫിറോസ് ഖാൻ, പി ടി എ പ്രസിഡന്റ് അനിൽകുമാർ തുടങ്ങിയവർ പങ്കെടുക്കും. തെരുവുനായ പ്രജനന നിയന്ത്രണ പരിപാടിയേക്കുറിച്ച് മല്ലപ്പള്ളി എ.പി.ഒ.ആർ.എ.എച്ച്.സി ഡോ.റെനി കെ. ഉമ്മൻ, മൃഗ ക്ഷേമ നിയമങ്ങളേക്കുറിച്ച് പത്തനംതിട്ട ഡി.വി.സി ഇൻഫർമേഷൻ ടെക്നോളജി ഓഫീസർ ഡോ.എം.ജി ജാൻകിദാസ് എന്നിവർ സെമിനാറുകൾ നടത്തും.

(പിഎൻപി 472/2020)

## അടൂർ താലൂക്ക്തല പരാതി പരിഹാര അദാലത്ത്; പരാതികൾ സമർപ്പിക്കാം

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടൂർ താലൂക്ക്തല പരാതി പരിഹാര അദാലത്ത് ഫെബ്രുവരി 15 ന് അടൂർ റവന്യൂ ടവർ കോൺഫറൻസ് ഹാളിൽ നടക്കും. രാവിലെ 9.30 ന് അദാലത്ത് ആരംഭിക്കും. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ഓഫീസിൽ നിന്നും സർക്കാരിൽ നിന്നും തുടർ നടപടികൾക്കായി ജില്ലാ കളക്ടർക്കും മറ്റ് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്കും കൈമാറിയിട്ടുള്ള പരാതികളും, പുതിയ പരാതികളും അദാലത്തിൽ പരിഗണിക്കും. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ അടൂർ താലൂക്ക് ഓഫീസിലും താലൂക്കിന്റെ പരിധിയിലുള്ള വില്ലേജ് ഓഫീസുകളിലും അപേക്ഷ സ്വീകരിക്കും. കൂടാതെ pgrcellpta1@gmail.com എന്ന ഈ-മെയിലിലേക്കും 8086816976 എന്ന വാട്സ് ആപ്പ് നമ്പരിലേക്കും പരാതികൾ നൽകാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ ജനുവരി 31 വരെ ലഭിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാർ തീരുമാനമെടുക്കുകയും നടപടി വിവരം അദാലത്തിൽ അറിയിക്കുകയും ചെയ്യും.

അദാലത്ത് ദിവസം പൊതുജനങ്ങൾക്ക് പുതിയ അപേക്ഷകൾ നൽകാമെന്നും ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു.

(പിഎൻപി 473/2020)

## ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് പാരിതോഷികം

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് 2019-20 അധ്യയന വർഷത്തിൽ കലാ കായിക അക്കാദമിക് രംഗങ്ങളിൽ കേന്ദ്ര സംസ്ഥാന തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്കു പാരിതോഷികം നൽകുന്നതിലേക്കായുള്ള അപേക്ഷകൾ ഇന്നലെ (27) മുതൽ ക്ഷണിച്ചു. വെള്ളപേപ്പറിൽ എഴുതിയ അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ക്ഷേമനിധി അംഗത്വ കാർഡിന്റെ പകർപ്പ്, റേഷൻ കാർഡ് പകർപ്പ് എന്നിവ ഫെബ്രുവരി 29 നകം ജില്ലാ ഓഫീസിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ നം. 0468 2320158.

(പിഎൻപി 474/2020)

## സെയ്ഫ് ഹോം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു

സാമൂഹ്യ പ്രശ്നങ്ങൾ നേരിടുന്ന മിശ്ര വിവാഹ ദമ്പതികൾക്ക് സുരക്ഷിതമായി താമസിക്കുന്നതിന് (പരമാവധി ഒരു വർഷം) എല്ലാ ജില്ലകളിലും സെയ്ഫ് ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരുന്നു. ഒരു ഹോമിൽ പരമാവധി 10 ദമ്പതികൾക്ക് ഒരേ സമയം താമസ സൗകര്യം ഒരുക്കാൻ കഴിയുന്ന സന്നദ്ധ സംഘടനകളിൽ നിന്നും വിശദമായ പ്രൊപ്പോസൽ ക്ഷണിക്കുന്നു. താമസ കാലയളവിൽ ദമ്പതികൾക്കു ഭക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഹോമിൽ ലഭ്യമാക്കണം. താൽപര്യമുള്ള സന്നദ്ധ സംഘടനകൾ അതത് ജില്ലകളിലെ ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ ഫെബ്രുവരി അഞ്ചിന് വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കണം. മുൻപ് താൽപര്യപത്രം സമർപ്പിച്ചിട്ടുള്ള സംഘടനകൾ വീ ും പ്രൊപ്പോസൽ സമർപ്പിക്കേ തില്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിലോ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരംഎന്ന വിലാസത്തിലോ ബന്ധപ്പെടാം. ഫോൺ : 0471 2306040.

(പിഎൻപി 475/2020)

## പ്രതിമാസ മിനി ഡിഫൻസ് പെൻഷൻ അദാലത്ത്

എല്ലാ ഡിഫൻസ് പെൻഷൻകാർക്കും ഡിഫൻസ് സിവിലിയൻ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും , ഡി പി ഡി ഒ കളിൽ മിനി പെൻഷൻ അദാലത്ത് നടത്തുന്നു. ഈ മാസത്തെ പെൻഷൻ അദാലത്ത് 31 ന് രാവിലെ 10 മുതൽ 5 വരെ ഡിപി ഡി ഒ കളിൽ നടക്കും .വിശദവിവരങ്ങൾക്ക് ഡി പി ഡി ഒ പത്തനംതിട്ടയുമായി ബന്ധപ്പെടുക. ഫോൺ: 0468 -2325444, 2220241.

(പിഎൻപി 476/2020)

## നൈതികം പുരസ്കാരം വിതരണം ചെയ്തു

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പും, എൻ.എസ്.കെ, ഡയറ്റ് എന്നിവർ സംഘടിപ്പിച്ച ഭരണഘടനാ നിർമാണ മത്സരമായ നൈതികം പരിപാടിയിൽ മികച്ച ഭരണഘടന നിർമിച്ച ശ്രീവിവേകാനന്ദ ഹൈസ്കൂൾ പുല്ലാട്, എൻ.എസ്.എസ് ഹൈസ്കൂൾ വി-കോട്ടയം, ജി.യു.പി.എസ് മാടമൺ എന്നീ സ് കൂളുകൾക്ക് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ ശാന്തമ്മ ഉപഹാരങ്ങൾ സമ്മാനിച്ചു. എസ്.എസ്.കെ ജില്ലാ കോ-ഓർഡിനേറ്റർ കെ.വി അനിൽ, പ്രോഗ്രാം ഓഫീസർ പി.എ സിന്ധു, ഡയറ്റ് പ്രിൻസിപ്പൽ ലാലി കുട്ടി, എ.ഇ.ഒ ബി.ആർ അനില, ബി.പി.ഒ ഷാജി സലാം, എച്ച്.എം രമേശ്, പി.ടി.എ വൈസ് പ്രസിഡന്റ് പി.ജി അനിൽ കുമാർ, ഷീല ഭായി, സുമാ ദേവി, അക്ഷയ് രാജ് എന്നിവർ സംസാരിച്ചു.

(പിഎൻപി 477/2020)

## ക്യാപ് റിസോഴ്സ് സെന്ററും ഓൺലൈൻ അതിക്രമ അന്വേഷണ നിരീക്ഷണ സംവിധാനവും നിലവിൽ വന്നു

കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച അന്വേഷണം ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേക കേന്ദ്രം ചിൽഡ്രൻ ആന്റ് പോലീസ് പദ്ധതിയുടെ സംസ്ഥാനതല കേന്ദ്രം എന്നിവ നിലവിൽ വന്നു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഇവയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയന്റെ പത്നി കമല വിജയൻ നിർവഹിച്ചു.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം അന്വേഷിക്കാൻ പ്രത്യേകം പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരാണു ാകുക. എഡി.ജി.പി മനോജ് എബ്രഹാം ആണ് സംസ്ഥാനതല നോഡൽ ഓഫീസർ. 70 ഉദ്യോഗസ്ഥരാണ് ഈ സംവിധാനത്തിൽ പ്രവർത്തിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയാൻ 2019 മാർച്ചിൽ പ്രത്യേക സംഘത്തിന് രൂപം നൽകിയ ശേഷം ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്ന 42 പേരെ അറസ്റ്റ് ചെയ്യുകയും 38 കേസുകൾ രജിസ്റ്റർ ചെയ്യുകയുമു ായി. കേരളത്തിലൊട്ടാകെ 210 സ്ഥലങ്ങളിൽ സെർച്ച് നടത്തി.

ഇന്റർപോൾ, നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ മുതലായ ഏജൻസികളുമായി ചേർന്നാണ് സെന്ററിന്റെ പ്രവർത്തനം. കൂടാതെ കാണാതായ കുട്ടികൾക്ക് വേ ി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കേന്ദ്രത്തിന്റെ സഹകരണവും ഉ ാകും. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ പൂർണമായും ഇല്ലാതാക്കാനായുള്ള കേരളാ പോലീസിന്റെ ശ്രമങ്ങൾക്ക് മുതൽക്കൂട്ടാണ് ഈ കേന്ദ്രം.

കുട്ടികളുമായി ബന്ധപ്പെട്ട് കേരള പോലീസ് ആവിഷ്കരിച്ച പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും ഏകോപനത്തിനുമാണ് സംസ്ഥാനതല റിസോഴ്സ് സെന്റർ സ്ഥാപിച്ചത്. ഇന്റർനെറ്റിന് അടിമകളായ കുട്ടികൾക്ക് കൗൺസലിങ് ഉൾപ്പടെയുള്ള സഹായം ലഭ്യമാക്കാൻ ഈ കേന്ദ്രം മുൻകൈയെടുക്കും. ഇതിനായി വിദഗ്ധരുടെ സഹായം ലഭ്യമാക്കും. കുട്ടികളുമായി ബന്ധപ്പെട്ട ഏതു വിവരങ്ങളും നല്കാൻ ഒരു കാൾ സെന്ററും ഇവിടെ പ്രവർത്തനമാരംഭിക്കും. കുട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തി ഒരു ഹബ് രൂപീകരിക്കാനും പദ്ധതിയു ്. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ നിയന്ത്രണത്തിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഐ.ജി പി വിജയനാണ് സംസ്ഥാനതല നോഡൽ ഓഫീസർ.

(പിഎൻപി 478/2020)

## മാലിന്യ നിർമാജനം

റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ഏഴംകുളം ഗ്രാമപഞ്ചായത്തിൽ മാലിന്യ നിർമാജന പ്രവർത്തനങ്ങൾ നടത്തി. ജനപ്രതിനിധികൾ, പഞ്ചായത്ത് ജീവനക്കാർ, ഘടക സ്ഥാപന ഉദ്യോഗസ്ഥർ, കുടുംബശ്രീ, തൊഴിലുറപ്പ് ജീവനക്കാർ, ഗ്രാമസേവകർ, ആരോഗ്യ വിഭാഗം ജീവനക്കാർ, ഹരിതകർമ്മ സേന പ്രവർത്തകർ, ആശ പ്രവർത്തകർ, അംഗനവാടി ജീവനക്കാർ, വിവിധ രാഷ്ട്രീയ പ്രവർത്തകർ, പൊതുജനങ്ങൾ, സന്നദ്ധ സംഘടകൾ, പൊതുജനം എന്നിവരുടെ നേതൃത്വത്തിലാണ് റോഡിന്റെ ഇരുവശവും മാലിന്യ നിർമാജന പ്രവർത്തനം നടത്തിയത്. ഏഴംകുളം ജംഗ്ഷനിൽ വാർഡ് മെമ്പർ കെ സന്തോഷ് കുമാർ, മാങ്കൂട്ടം ജംഗ്ഷനിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. മോഹനൻ

നായർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജു ബിജു, ഏനാത്ത് ജംഗ്ഷനിൽ വൈസ് പ്രസിഡന്റ് രാധാമണി ഹരികുമാർ , ഏനാത്ത് സി.ഐ ജയകുമാർ, പഞ്ചായത്ത് സെക്രട്ടറി എസ് ബിന്ദു ലേഖ, ജനപ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

(പിഎൻപി 479/2020)

## കോന്നിയിൽ ഇലക്ഷൻ ദിനാചരണം സംഘടിപ്പിച്ചു

കോന്നി താലൂക്ക് ഇലക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന ഇലക്ഷൻ ദിനാചരണത്തിന്റെ ഭാഗമായി കൂടൽ ഗവൺമെന്റ് വെക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം പ്രൻസിപ്പാൾ ജെ. വേണു നിർവഹിച്ചു. താലൂക്ക് ഇലക്ഷൻ ഡെപ്യൂട്ടി തഹസീൽദാർ സന്തോഷ് ജി. നാഥ് കുട്ടികൾക്ക് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

ഹയർ സെക്കൻഡറി വിഭാഗം പ്രശ്നോത്തരി മത്സരത്തിന് സംസ്ഥാന തെരഞ്ഞെടുപ്പ് പരിശീലകൻ എം.എസ് വിജയകുമാർ നേതൃത്വം നൽകി. മത്സരത്തിൽ ഒന്നും ര ും സ്ഥാനം നേടിയ കെ.എ വിഷ്ണു, എം.ടി ബിജോയി എന്നിവർക്ക് സമ്മാനവിതരണവും നടന്നു. കോന്നി മണ്ഡലത്തിലെ എല്ലാ പോളിംഗ് ബൂത്തുകളിലും ബി.എൽ.ഒമാരുടെ നേതൃത്വത്തിൽ വോട്ടർ കാർഡ് വിതരണവും സമ്മദിദാനദിന പ്രതിജ്ഞയും നടന്നു.

കോന്നി ഇലക്ഷൻ വിഭാഗം ക്ലാർക്ക് എസ്.ശ്യാംകുമാർ, ഓഫീസ് അറ്റൻഡർമാരായ കെ.ജി വിനു, പ്രിജി പ്രകാശ്, ബൂത്ത് ലവൽ ഓഫീസർ പി.എൻ പ്രശാന്തൻ, സ്ക്കൂൾ അധ്യാപകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

(പിഎൻപി 480/2020)

(പിഎൻപി 467/2020)




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 27<br>January 27 | 2020 |
|---|---|

1193 മകരം 13 തിങ്കൾ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**മാനസിക വൈകല്യങ്ങൾ നേരിടുന്നവരെ പാർപ്പിക്കുവാൻ ഷെൽട്ടർഹോമുകൾ സ്ഥാപിക്കും: നിയമസഭാ സമിതി**

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും കുട്ടികളുടെയും വിവിധങ്ങളായ പ്രശ്നങ്ങളിലും ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്ന പ്രശ്നങ്ങളിലും അതിവേഗം പരിഹാരം കാണുമെന്നു നിയമസഭാ സമിതി ചെയർപേഴ്സൺ ഐഷാപോറ്റി എം.എൽ.എ പറഞ്ഞു. സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന നിയമസഭാ ക്ഷേമ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ സംസാരിക്കുകയായിരുന്നു ചെയർപേഴ്സൺ. സമിതി അംഗങ്ങളായ വീണാ ജോർജ് എം.എൽ.എ, ഇ.കെ വിജയൻ എം.എൽ.എ, ഡോ.എൻ.ജയരാജ് എം.എൽ.എ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

നേരത്തെ ലഭിച്ച ര ു പരാതികളിലും യോഗത്തിൽ നേരിട്ടു ലഭിച്ച മൂന്നു പരാതികളിലും സമിതി നടപടികൾ സ്വീകരിച്ചു. 2016 സെപ്തംബറിൽ ചിറ്റാറിൽ ആകാശ ഊഞ്ഞാലിൽനിന്നും വീണ് ര ു കുട്ടികൾ മരിച്ച സംഭവത്തിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സമിതി തെളിവെടുത്തു. പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വലിയ രീതിയിലുള്ള പിഴവാണു സംഭവിച്ചതെന്നും ഉദ്യോഗസ്ഥരുടെ അശ്രദ്ധയാണ് ഇതുപോലെയുള്ള അപകടങ്ങൾക്കു കാരണമെന്നും ഇത്തരം സംഭവങ്ങൾ

ഉ  ാകാതിരിക്കുവാനുള്ള കർശന നടപടികൾ സർക്കാർ തലത്തിൽ നിന്നും ഉ  ാകുന്നതിനു നിർദേശം നൽകുമെന്നും സമിതി അറിയിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് ആവശ്യത്തിനായി സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ അഞ്ചു ശതമാനം വിഹിതവും ബ്ലോക്ക് പഞ്ചായത്തിന്റെ അഞ്ചു ശതമാനം വിഹിതവും ഗ്രാമപഞ്ചായത്തുകളുടെ വിഹിതവും ഉറപ്പാക്കാൻ വേ  ശുപാർശ സർക്കാരിൽ സമർപ്പിക്കുമെന്നും സമിതി വ്യക്തമാക്കി.

ജില്ലയിൽ വനിതാ ശിശു വികസന വകുപ്പും സാമൂഹ്യ നീതി വകുപ്പും അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണു കാഴ്ചവയ്ക്കുന്നതെന്നും സാമൂഹ്യനീതി വകുപ്പിന്റെ താഴെ തട്ടത്തിലുള്ള ഉദ്യോഗസ്ഥർക്കു ലഭിക്കുവാനുള്ള കുടിശികയുടെ കാര്യത്തിലും വൈകാതെ തീരുമാനം ഉ  ാക്കുമെന്നും സമിതി പറഞ്ഞു. മാനസിക വൈകല്യങ്ങൾ നേരിടുന്നവരെ പാർപ്പിക്കുവാൻ എല്ലാ ജില്ലകളിലും ഷെൽട്ടർഹോമുകൾ സ്ഥാപിക്കുവാൻ സർക്കാരിൽ ശുപാർശ സമർപ്പിക്കും. കുട്ടികളിലെ ലഹരി ഉപയോഗം തടയുവാൻ വേ  പ്രവർത്തികൾ ചർച്ചചെയ്തു തീരുമാനിക്കുമെന്നും സമിതിയിൽ പറഞ്ഞു.

തെളിവെടുപ്പ് യോഗത്തിൽ ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എഡിഎം അലക്സ് പി തോമസ്, ജില്ലാ പോലീസ് മേധാവി ജി.ജയദേവ്, വനിത ശിശു വികസന സെക്ഷൻ ഓഫീസർ എം.എസ് അൻവർ സുൽത്താൻ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 481/2020)

## കോഴഞ്ചേരി മഹിളാമന്ദിരത്തിലെ പരിമിതികൾ പരിഹരിക്കും: നിയമസഭാ സമിതി

കോഴഞ്ചേരി മഹിളാമന്ദിരത്തിലെ പരിമിതികൾ പരിഹരിക്കുമെന്ന് സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി ചെയർപേഴ്സൺ ഐഷാ പോറ്റി എം.എൽ.എ പറഞ്ഞു. നിയമസഭാ സമിതി മഹിളാമന്ദിരം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു ചെയർപേഴ്സൺ.

മഹിളാമന്ദിരത്തിലെ അന്തേവാസികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് സൗകര്യമൊരുക്കണമെന്ന് സമിതി നിർദേശിച്ചു. കെട്ടിടത്തിനു ചുറ്റുമതിൽ പണിയണം. മാനസികാസ്വാസ്ഥ്യം ഉള്ളവർ വന്നാൽ അവർക്കുള്ള മുറിയും സൗകര്യങ്ങളുമൊരുക്കണമെന്നും സമിതി നിർദേശിച്ചു.

ഏഴു കുട്ടികളും ഏഴു സ്ത്രീകളുമടങ്ങുന്ന 14 പേരാണ് മഹിളാമന്ദിരത്തിലുള്ളത്. സഖി വൺ സ്റ്റോപ്പ് സെന്റർ എന്ന പേരിൽ സൈക്കോ സോഷ്യൽ കൗൺസിലറിന്റെ സഹായത്തോടെ ഇവിടെ കൗൺസിലിങ്ങ് നടത്തിവരുന്നു. മാനസിക അസ്വാസ്ഥ്യമുള്ളവർക്ക് കൗൺസിലിങ്ങ് നൽകി താൽക്കാലികമായി അഞ്ചു ദിവസം വരെ ശുശ്രൂഷ നൽകുന്നു  ്. ലൈബ്രറിയായി പ്രവർത്തിച്ചിരുന്ന മുറിയാണ് ഇപ്പോൾ കൗൺസിലിങ്ങിനായി പ്രവർത്തിക്കുന്നത്. നിലവിൽ 51 കേസുകൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടു  ്. മൂന്നു പേർക്ക് താൽക്കാലിക താമസ സൗകര്യവും ഒരുക്കിയിരുന്നു. ആഴ്ചയിൽ ര  ു ദിവസം തയ്യൽ പരിശീലനം നടത്തിവരുന്നു. ഗതാഗത സൗകര്യവും ജലദൗർലഭ്യവുമു  ്.

സമിതി അംഗങ്ങളായ വീണാ ജോർജ് എംഎൽഎ, ഇ.കെ വിജയൻ എം.എൽ.എ, വനിതാ ശിശു സംരക്ഷണ ജില്ലാ ഓഫീസർ എ.എൽ ഷീബ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ താഹിറാ ബീവി തുടങ്ങിയവരും സംഘത്തിലു  ായിരുന്നു.

(പിഎൻപി 482/2020)

## പരാതിയുമായി എത്തിയ ഷീലയ്ക്ക് സമിതിയുടെ കൈത്താങ്ങ്

വർഷങ്ങളായി കുടിവെള്ള കണക്ഷനുവേ ി കാത്തിരുന്ന റാന്നി പെരുനാട് സ്വദേശികളായ ദമ്പതികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കി നിയമസഭാ സമിതി. പത്തനംതിട്ട കളക്ടറേറ്റിൽ ചേർന്ന നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയിലാണ് കെ.കെ. ഷീല-അജികുമാർ ദമ്പതികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചത്.

ഭാഗികമായി കാഴ്ചശക്തി ഇല്ലാത്ത ദമ്പതികൾ ഐഷാപോറ്റി എം.എൽ.എയുടെ അധ്യക്ഷതയിൽ ചേർന്ന സമിതിയുടെ മുമ്പിൽ അപേക്ഷയുമായി നേരിട്ടെത്തുകയായിരുന്നു. പ്രശ്നത്തിൽ എത്രയും വേഗം പരിഹാരം കാണണമെന്ന സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് കളക്ടറുടെ ചുമതല വഹിക്കുന്ന എ.ഡി.എം അലക്സ് പി. തോമസിന്റെ നേതൃത്വത്തിൽ കുടിവെള്ള കണക്ഷൻ എടുക്കാൻ വേ നടപടികൾ ഉടനടി നടത്തുകയായിരുന്നു.

ഇത്തരത്തിൽ ഉള്ള അഞ്ച് അപേക്ഷകളാണ് സമിതിക്കു മുന്നിൽ ലഭിച്ചത്. മെഴുവേലി പഞ്ചായത്തിൽ നിന്നെത്തിയ ദീനാമ്മയുടെ പരാതിയിലും സമിതി നടപടികൾ സ്വീകരിക്കുവാൻ എ.ഡി.എമ്മിനോട് നിർദേശിച്ചു. 13 വർഷമായി അപേക്ഷയുമായി കയറി ഇറങ്ങിയ ദീനാമ്മയുടെ പേരിലു ായിരുന്ന വസ്തുവിന്മേൽ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ റീസർവ്വേ നടത്തുവാനും സമിതി നിർദ്ദേശിച്ചു. ഭിന്നശേഷിക്കാരിയായ സ് കൂൾ ടീച്ചറുടെ ട്രാൻസ്ഫർ അപേക്ഷയും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുവാൻ ഡി.എ.പി.എസ് സൊസൈറ്റി നൽകിയ അപേക്ഷയിലും നടപടികൾ സ്വീകരിക്കുവാൻ വേ പ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകി.

***ഫോട്ടോ അടിക്കുറിപ്പ്: സമിതി:-*** പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി അധ്യക്ഷ ഐഷാപോറ്റി എം.എൽ.എയുടെ നേതൃത്വത്തിൽ തെളിവെടുപ്പ് നടത്തുന്നു. സമിതി അംഗങ്ങളായ ഇ.കെ വിജയൻ എം.എൽ.എ, വീണാ ജോർജ് എം.എൽ.എ, ഡോ.എൻ.ജയരാജ് എം.എൽ.എ, എഡിഎം അലക്സ് പി തോമസ്, എസ്പി:ജി.ജയദേവ് തുടങ്ങിയവർ സമീപം.

***സമിതി വിസിറ്റ്:-*** സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി അധ്യക്ഷ ഐഷാപോറ്റി എം.എൽ.എയുടെ നേതൃത്വത്തിൽ കോഴഞ്ചേരി മഹിളാമന്ദിരം സന്ദർശിച്ചപ്പോൾ. സമിതി അംഗങ്ങളായ ഇ.കെ വിജയൻ എം.എൽ.എ, വീണാ ജോർജ് എം.എൽ.എ തുടങ്ങിയവർ സമീപം.

(പിഎൻപി 483/2020)

## ജില്ലാ ദുരന്തനിവാരണ അതോറിറ്റി നോഡൽ ഓഫീസർമാർക്കായി ശിൽപശാല

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ പദ്ധതി രൂപരേഖ പുതുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നോഡൽ ഓഫീസർമാർക്കായി ശിൽപശാല സംഘടിപ്പിച്ചു.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ശിൽപശാല ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ഗ്രിഗറി കെ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്ത നിവാരണ പദ്ധതി രൂപരേഖ പുതുക്കുകയും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയുമാണു ശിൽപശാലയുടെ ലക്ഷ്യം.

നോഡൽ ഓഫീസർമാരുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, വകുപ്പുകൾ ആസൂത്രണം ചെയ്യുന്ന ദുരന്ത നിവാരണ പദ്ധതി രൂപരേഖ, വരും വർഷത്തിലേക്കുള്ള ദുരന്തനിവാരണ പദ്ധതി ആസൂത്രണം എന്നിവ നോഡൽ ഓഫീസർമാർ വിശദീകരിച്ചു.

2018- 19 പ്രളയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ഡിപ്പാർട്ട്മെന്റും ദുരന്തനിവാരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലന രീതികൾ ചർച്ച ചെയ്തു. 9 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളേയും തിരഞ്ഞെടുത്തു. ഹസാർഡ് അനലിസ്റ്റ് ജി.എൽ ഗോപിക, സ്പിയർ ഇന്ത്യ ജില്ലാ പ്രൊജക്ട് കോ ഓർഡിനേറ്റർ ഡോ.സജിത്കുമാർ, ജില്ലാതല ഉദ്യോഗസ്ഥർ, എൻജിഒ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഡിഡിഎംഎ:-***

ദുരന്ത നിവാരണ പദ്ധതി രൂപരേഖ പുതുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നോഡൽ ഓഫീസർമാർക്കായി കലക്ടറേറ്റിൽ സംഘടിപ്പിച്ച ശിൽപശാല.

(പിഎൻപി 484/2020)

## വാഹന ലേലം

സമഗ്രശിക്ഷ കേരളം, പത്തനംതിട്ട ജില്ലയുടെ ഡിപ്പാർട്ട്മെന്റ് വാഹനം, (2009 മോഡൽ ടാറ്റാ സുമോ വിക്ട സി.എക്സ് 24, കെ.എൽ 01-എ.എക്സ് -1764) ലേലം ചെയ്യുന്നു. ക്വട്ടേഷനുകൾ ഫെബ്രുവരി 15 ന് ഉച്ചയ്ക്ക് 12നകം എസ്.എസ്.കെ ജില്ലാ ഓഫീസിൽ ലഭിക്കണം. ലേലത്തിൽ പങ്കെടുക്കുന്നവർ ഫെബ്രുവരി 15 ന് ഉച്ചയ്ക്ക് ര ിനുള്ളിൽ എസ്.എസ്.കെ ജില്ലാ ഓഫീസിൽ 1000 രൂപ കെട്ടിവെക്കണം. അന്നേ ദിവസം 2.30-ന് ലേലം നടക്കും. വാഹനം നേരിൽ കാണണമെങ്കിൽ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയമായ രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു വരെ ജില്ലാ ഓഫീസിലെത്തി കാണാം. ലേലം കൈക്കൊ ആൾ തുക ലേലം കഴിഞ്ഞ ഉടനെ അടയ്ക്കണം.

(പിഎൻപി 485/2020)

## ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് കൊയ്ത്ത് ഉത്സവം നടത്തി

ഓമല്ലൂർ പാടശേഖരത്ത് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കൊയ്ത്ത് ഉത്സവം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി കെ സാം ഉദ്ഘാടനം ചെയ്തു. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിച്ചെങ്കിൽ മാത്രമേ ഭാവിയിൽ കൃഷി ലാഭകരമായ ഒരു പ്രക്രിയയായി മാറുകയുള്ളുവെന്നും അതിനുവേ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫ ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തുമെന്ന് ജെറി കെ സാം പറഞ്ഞു.

ബ്ലോക്കിലെ ഓരോ പ്രദേശത്തെയും തനത് നെൽകൃഷി ബ്രാൻഡിംഗോടുകൂടി മാർക്കറ്റ് ചെയ്യുവാനുള്ള സഹായങ്ങളും ബ്ലോക്ക് പഞ്ചായത്ത് ചെയ്തു കൊടുക്കും. ഉമ, ജ്യോതി എന്നീ നെല്ലിനങ്ങളുടെ വിളവെടുപ്പാണ് പാടശേഖരങ്ങളിൽ നടന്നത്. ഔഷധ നെല്ലിനമായ ഞവരയുടെ കൊയ്ത്ത് അടുത്ത മാസം ആദ്യത്തോടെ തുടങ്ങും. പഞ്ചായത്ത് പ്രസിഡന്റ് ഗീതാ വിജയൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, മുൻ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യൻ, ബ്ലോക്ക് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ.എസ് പാപ്പച്ചൻ, എൻ.ശിവരാമൻ, മെമ്പർമാരായ ബിജിലി പി ഈശോ , ജോൺ വി തോമസ്,ഓമല്ലൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് മാത്യു, ബി.ഡി.ഒ രമേശ്, പ്രസന്നകുമാരൻ നായർ, മോഹനൻ നായർ എന്നിവരും പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് 2:-***

ഓമല്ലൂർ പാടശേഖരത്ത് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കൊയ്ത്ത് ഉത്സവം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി കെ സാം ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 486/2020)

## പ്രളയാനന്തര ജൈവവൈവിധ്യ പഠനറിപ്പോർട്ട് അവതരിപ്പിച്ചു

അച്ചൻകോവിലാറിന്റെ തീരത്തു നടത്തിയ പ്രളയാനന്തര ജൈവവൈവിധ്യ പഠനത്തിന്റെ റിപ്പോർട്ട് അവതരണ യോഗം കൂടി. അച്ചൻകോവിൽ ആറിന്റെ തീരത്തുള്ള പ്രധാനപ്പെട്ട 30 പ്രദേശങ്ങൾ തിരഞ്ഞെടുത്തു നദീതീരത്തെ സസ്യ ജാലങ്ങൾക്കു ായ മാറ്റം മനസിലാക്കുന്നതിനു 2018 ഡിസംബർ 20 മുതൽ 2019 ഏപ്രിൽ വരെയാണ് പഠനം നടത്തിയത്. ഡോ. രാധാമണി (സസ്യ ശാസ്ത്ര വിഭാഗം, കാര്യവട്ടം) പഠനത്തിന് നേതൃത്വം നൽകി. ഡോ.ജോസ് മാത്യു, ഡോ.വത്സല ദേവി, ഡോ. രമ്യ കൃഷ്ണൻ, സാം അലക്സ് എന്നിവർ പഠനത്തിലെ സാങ്കേതിക സഹായ വിഭാഗത്തിന് നേതൃത്വം നൽകി.

പന്തളം ഐ.സി.ഡി.എസ് ഹാളിൽ വള്ളിക്കോട്, കോന്നി ബ്ലോക്ക്, കോന്നി, തുമ്പമൺ, പന്തളം, പത്തനംതിട്ട, പന്തളം ബ്ലോക്ക്, പ്രമാടം, കുളനട എന്നി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങളുടെ പങ്കാളിത്തത്തോടെ ഡോ. രാധാമണി റിപ്പോർട്ട് അവതരിപ്പിച്ചു.

2018-ലെ പ്രളയം അച്ചൻകോവിൽ ആറിന്റെ തീരത്തെ ജൈവവൈവിധ്യത്തിനു വൻതോതിലുള്ള നാശങ്ങൾ സംഭാവന ചെയ്തതായി പഠന റിപ്പോർട്ടിൽ പറയുന്നു. അച്ചൻകോവിൽ ആറിന്റെ തീരങ്ങളിൽ നിന്നും 614 ഇനം പുഷ്പിത സസ്യങ്ങളെയും 20 ഇനം അല്ലാത്ത സസ്യങ്ങളെയും തിരിച്ചറിയുന്നതിനും അവയുടെ പട്ടിക തയ്യാറാക്കുന്നതിനും പഠനത്തിലൂടെ സാധിച്ചു. ആറിന്റെ ഉയർന്നഭാഗത്തു നിന്നും 319 ഇനം സസ്യങ്ങളെയും, മധ്യഭാഗത്തു നിന്നും 345 ഇനം സസ്യങ്ങളെയും, താഴ്ന്ന ഭാഗത്തു നിന്നും 298 ഇനം സസ്യങ്ങളെയും തിരിച്ചറിഞ്ഞു. തിരിച്ചറിഞ്ഞ 104 ഇനം സസ്യങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കാണപ്പെടുന്നവയും 389 ഇനം നമ്മുടെ തനതു സസ്യങ്ങൾ അല്ലാത്തവയുമാണ്. 107 ഇനം ഔഷധ സസ്യങ്ങൾ വരുമാന പ്രാധാന്യം ഉള്ളവയാണെന്നു ക ത്തി. മഹാപ്രളയത്തിന് ശേഷം ആറ്റിലും തീരത്തുമായി വളരെയധികമായി ഉയർന്ന കളച്ചെടികളുടെയും അധിനിവേശ മൽസ്യങ്ങളുടെയും സാന്നിധ്യം മറ്റു സസ്യങ്ങളെയും മത്സ്യങ്ങളെയും ആവാസ വ്യവസ്ഥയെ തന്നെയും വളരെ ദോഷകരമായി ബാധിക്കുന്നതായി പഠന റിപ്പോർട്ട് പറയുന്നു. പ്രളയം തെങ്ങുകൾക്കു മഞ്ഞളിപ്പ് രോഗവും, ഫംഗസ് രോഗവും സമ്മാനിച്ചപ്പോൾ പ്രളയത്തിനു ശേഷം ഫലഭൂയിഷ്ഠമായ മണ്ണിന്റെ അളവ് നെൽപ്പാടങ്ങളിൽ

കൂടിയതിനാൽ നെൽകൃഷിയിൽ വിളവ് കൂടുതലായി ലഭിക്കുന്നതായും റിപ്പോർട്ട് ചൂ ിക്കാട്ടുന്നു. പ്രളയത്തിൽ വലിയ തോതിൽ മരങ്ങൾ കടപുഴകി നശിക്കുകയും, ഔഷധ സസ്യങ്ങളും, കിഴങ്ങു വർഗങ്ങളും, വെള്ളം കെട്ടി നിന്നു അഴുകി നശിക്കുകയും ചെയ്തപ്പോൾ മുളവർഗ്ഗത്തിൽപെട്ട സസ്യങ്ങൾ 'ഓക്രിന്യുക്ലിയ' എന്നി മരങ്ങൾ പ്രളയത്തെ അതിജീവിച്ചതായും ക ത്തി. നദീതീരങ്ങളിൽ വലിയ തോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞു കൂടി. ഇത് നദീതീരത്തെ ജൈവവൈവിധ്യത്തിനു വലിയ ഭീഷണി സൃഷ്ടിക്കുന്നു. നദീതീരത്തെ ജൈവവൈവിധ്യം സംരക്ഷിക്കാൻ ബിഎംസികളുടെ നേതൃത്വത്തിൽ സമീപ പ്രദേശങ്ങളിലെ സ്കൂൾ, കോളജ് എന്നിവയുമായി ചേർന്ന് കൊ ് സംരക്ഷണ പദ്ധതികൾ തയാറാക്കുക എന്ന നിർദേശവും ബിഎംസികളുടെ ഭാഗത്തു നിന്നും ഉ ായി. ഐക്യ രാഷ്ട്രസഭ കാലാവസ്ഥ കോൺഫറൻസ് ചർച്ചകളിൽ പ്രധാന ചർച്ചാവിഷയമായിരുന്ന ആവാസവ്യവസ്ഥയിൽ ഉ ാകുന്ന മാറ്റങ്ങളും 2030 നുള്ളിൽ കാലാവസ്ഥാവ്യതിയാനം മൂലം ലോകത്ത് ഉ ാകാൻ പോകുന്ന മാറ്റങ്ങളും, ആറാമത് വലിയ വംശനാശത്തെ പറ്റിയും കാലാവസ്ഥാ വ്യതിയാനത്തിലേക്കായി കേരളത്തിലെ മുതിർന്ന മനുഷ്യതലമുറ വഹിച്ച പ്രധാന പങ്കിനെപ്പറ്റിയും ഉള്ള വിവരങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനു വേ ുന്ന നടപടികളെ കുറിച്ചും അതിന്റെ ആവശ്യകതെയെക്കുറിച്ചും ചർച്ച ചെയ്തു.

(പിഎൻപി 487/2020)

## അടൂർ താലൂക്ക് വികസന സമിതി യോഗം

അടൂർ താലൂക്ക് വികസന സമിതി യോഗം ഫെബ്രുവരി ഒന്നിന് രാവിലെ 10.30 ന് അടൂർ താലൂക്ക് ഓഫീസിൽ ചിറ്റയം ഗോപകുമാർ എം.എൽ.എ യുടെ അധ്യക്ഷതയിൽ നടക്കും. നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ, മുൻസിപ്പൽ ചെയർപേഴ്സൺമാർ, താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, താലൂക്കിൽ ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, വിവിധ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും താലൂക്ക് തലത്തിലുള്ള ഓഫീസ് മേധാവികൾ എന്നിവർ കൃത്യമായി യോഗത്തിൽ പങ്കെടുക്കണമെന്ന് തഹസിൽദാർ അറിയിച്ചു.

(പിഎൻപി 488/2020)

## സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

നെഹ്റു യുവ കേന്ദ്ര ഓഫീസ് പത്തനംതിട്ട ജില്ലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്, മഹിള സമാജം, പൗരസമിതികൾ എന്നിവയ്ക്ക് അഫിലിയേഷൻ നൽകുവാൻ സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾ ഗ്രാമീണതലത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനുവേ ിയാണ് അഫിലിയേഷൻ നൽകുന്നത് എന്ന് ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ വി.സന്ദീപ് കൃഷ്ണൻ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ : 0468 2962580, 7558892580.

(പിഎൻപി 489/2020)

## വോട്ടർ പട്ടിക പുതുക്കൽ;രാഷ്ട്രീയ പാർട്ടികളുടെ യോഗം നാളെ (29)

തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച് ഓമല്ലൂർ പഞ്ചായത്തിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം നാളെ (29) 11.30ന് ഓമല്ലൂർ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് സെക്രട്ടറി /തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ അറിയിച്ചു.

(പിഎൻപി 490/2020)






.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജനുവരി 27<br>January 27 | 2020 |

1193 മകരം 13 തിങ്കൾ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

### ഹയർ സെക്കന്ററി കൈത്താങ്ങ്; മോണിറ്ററിംഗ് 29 മുതൽ

ജില്ലയിലെ ഹയർ സെക്ക റി പരീക്ഷയുടെ വിജയശതമാനം ഉയർത്തുന്നതിനുള്ള 'കൈത്താങ്ങ്' പദ്ധതിയുടെ ഭാഗമായി 29 മുതൽ മോണിറ്ററിംഗ് നടത്തുന്നതിന് തീരുമാനിച്ചു. 2019 മാർച്ചിലെ ഒന്നാം വർഷ പരീക്ഷയിൽ 70 ശതമാനത്തിൽ താഴെ മാത്രം വിജയമുള്ള ജില്ലയിലെ 28 സ്കൂളുകളിലാണ് മോണിട്ടറിംഗ് നടക്കുക. ജില്ലാ പഞ്ചായത്തംഗങ്ങൾ, ജില്ലാ കളക്ടർ, ആർ.ഡി.ഡി, ഹയർ സെക്ക റി ജില്ലാ കോർഡിനേറ്റർ, അസിസ്റ്റന്റ് കോർഡിനേറ്റർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പൽ, കൈത്താങ്ങ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ, മോണിട്ടറിംഗ് സമിതി കൺവീനർ തുടങ്ങിയവരാണ് മോണിട്ടറിംഗിനായി സ്കൂളുകളിൽ എത്തുക.

കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുമായി മോണിട്ടറിംഗ് നടത്തുന്ന അംഗങ്ങൾ സംവദിക്കും. ജില്ലാ പഞ്ചായത്തിൽ കൂടിയ അവലോകന യോഗത്തിൽ പ്രസിഡ ് അന്നപൂർണ്ണാദേവി, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.ജി. അനിത, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ എലിസബത്ത് അബു, ലീലാ മോഹനൻ, അംഗങ്ങളായ ടി.മുരുകേശ്, സതികുമാരി, സി.വി വറുഗീസ്, വിനീത അനിൽ, ബിനിലാൽ, എസ്.വി.സുബിൻ, സെക്രട്ടറി ജോൺസൺ പ്രേംകുമാർ, നിർവഹണ ഉദ്യോഗസ്ഥനും അടൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാളുമായ എം.അഷറഫ്, മോണിട്ടറിംഗ് സമിതി കൺവീനറും അടൂർ ഗവൺമെന്റ്

ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനുമായ പി.ആർ.ഗിരീഷ് എന്നിവർ പ്രസംഗിച്ചു.

***ഫോട്ടോ മീറ്റിംഗ്:-***

ജില്ലാ പഞ്ചായത്ത് പ്രസിഡ ് അന്നപൂർണ്ണാദേവിയുടെ അധ്യക്ഷതയിൽ കൂടിയ അവലോകന യോഗം.

(പിഎൻപി 491/2020)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.